# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3601 16.07.2015-ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;<br>(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ; | (എ)&(ബി)<br>പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിശദവിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) മേൽപ്പറഞ്ഞവയിൽ 2012 – 13 ലെ മൂന്നാമത്തെ പ്രവൃത്തി ഒഴികെ ബാക്കിയെല്ലാം state non plan head ൽ അനുവദിച്ചവയാണ്. തിരുവണ്ടൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് നം.6 ൽ മുഴക്കിർ പാടശേഖരത്തിൽ സബ്കനാൽ കല്ലുപ്പറമ്പ് കോളനി ബണ്ട് റോഡിന്റെ നവീകരണവും സംരക്ഷണവും എന്ന പ്രവൃത്തി സർക്കാർ ഉത്തരവ് സാധാ നം.183/2013/ഡബ്ല്യു ആർ ഡി തീയതി 22.02.2013 പ്രകാരം 27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതികളിലൂടെ സർക്കാരിനും പൊതുജനങ്ങൾക്കും കർഷകർക്കും എന്ത് പ്രയോജനം ലഭിച്ചിട്ടുണ്ട് അല്ലെങ്കിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | പാടശേഖര പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഗതാഗത സൗകര്യ മൊരുക്കുന്നതിനും ടി പ്രവൃത്തികൾ സഹായകമാകും |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്